വാരാന്ത്യപതിപ്പ് ലക്കം-51 | MAY 8 - MAY 14

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

ലോക റെഡ് ക്രോസ് ദിനം
പേജ് 1

ലോക മാതൃദിനം
പേജ് 2

രബീന്ദ്രനാഥ ടാഗോർ ജയന്തി
പേജ് 3

ലോക സാങ്കേതിക ദിനം
പേജ് 3

നാഷണൽ നഴ്സ് ഡേ
പേജ് 3

അഗ്വഞ്ചർ
പേജ് 4

പൊതിച്ചോറ് വിതരണം
പേജ് 5

യോഗ ഡെമോ ക്ലാസ്
പേജ് 5

അഭയം

പേജ് 6
അക്ഷരാഗ്നി
പേജ് 6

ചോദ്യം ഉത്തരം
പേജ് 7

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

"ഇൻക്രീസ് ക്രൈംസ് ഇൻ ഇന്ത്യ"എന്ന വിഷയത്തെക്കുറിച്ച് സോഷ്യോപോഡ്സിന്റെ അമ്പതിമൂന്നാം എപ്പിസോഡ് മെയ് ഒൻപത് വൈകുന്നേരം ആറുമണിക്ക് പുറത്തിറക്കി.ഇന്ത്യയിലെ പലതരത്തിലുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുണ്ടാക്കി വയ്ക്കുന്ന പ്രശ്നങ്ങളും,കുറ്റകൃത്യങ്ങളെ പ്രതിരോധിക്കാനുള്ള വഴികളെക്കുറിച്ചുമാണ് വളന്റിയർ കീർത്തന സംസാരിച്ചത്.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു

## ലോക റെഡ് ക്രോസ് ദിനം

മെയ് എട്ട് ലോക റെഡ് ക്രോസ് ദിനം ആചരിച്ചു.റെഡ് ക്രോസിന്റെ സ്ഥാപകനായ ജീന് ഹെന്റി ഡുനാന്റെ ജന്മദിനമാണ് ലോക റെഡ് ക്രോസ് ദിനമായി ആഘോഷിക്കുന്നത്.'മനുഷ്യത്വമുള്ളവരായിരിക്കുക' എന്നതാണ് ഈ വര്ഷത്തെ ലോക റെഡ് ക്രോസ് ദിന പ്രമേയം. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.




## ലോക മാതൃദിനം

മേയ് എട്ടിന് ലോക മാതൃ ദിനം ആചരിച്ചു. അമ്മയുടെ സ്നേഹവും കരുതലും ലോകം ആദരിക്കുന്ന ദിനമാണ് ലോക മാതൃദിനം. ഇതിനോടനുബന്ധിച്ച് എല്ലാ വളന്റിയേഴ്സും അവരുടെ അമ്മമാരുടെയൊപ്പമുള്ള ഫോട്ടോസ് ചേർത്തിണക്കിയ വീഡിയോ എൻ എസ് എസ് പുറത്തിറക്കി. ദിനത്തിന്റെ പോസ്റ്ററും നിർമ്മിച്ചു.




## രബീന്ദ്രനാഥടാഗോർ ജയന്തി

മെയ് ഒൻപത് രബീന്ദ്രനാഥടാഗോർ ജയന്തി ആചരിച്ചു.അനശ്വരമായ അക്ഷരങ്ങളിലൂടെ രചനകളിലൂടെ ഇന്നും ജീവിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ നൂറ്റിഅറുപത്തൊന്നാം ജയന്തി ദിനമാണ് മെയ് ഒൻപത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.



## ദേശീയ സാങ്കേതിക ദിനം

മെയ് പതിനൊന്നാം തിയ്യതി ദേശീയ സാങ്കേതിക ദിനമായി ആചരിച്ചു.ഈ ദിനം രാജ്യത്തിന്റെ സാങ്കേതിക പുരോഗതിയെക്കുറിച്ച് ഇന്ത്യക്കാരെ ഓർമ്മിപ്പിക്കുന്നു.ഇന്ത്യ മൂന്ന് ആണവ പരീക്ഷണങ്ങൾ നടത്തി വിജയിച്ചതിന്റെ സ്മരണയ്ക്കായി വർഷംതോറും ഈ ദിനം ആഘോഷിക്കുന്നു.ഈ വർഷത്തെ ദേശീയ സാങ്കേതിക ദിനത്തിന്റെ പ്രമേയം 'സുസ്ഥിരമായ ഭാവിക്കായി ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും സംയോജിത സമീപനം' എന്നതാണ്.ഈ ദിനത്തിനോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




## അന്താരാഷ്ട്ര നഴ്സ് ദിനം

മെയ് പന്ത്രണ്ടാം തിയ്യതി അന്താരാഷ്ട്ര നഴ്സ് ദിനം ആചരിച്ചു. ഫ്ലോറൻസ് നൈറ്റിംഗേലിന്റെ ജന്മവാർഷികവും നഴ്സിങ്, സാമൂഹിക പരിഷ്കരണ രംഗത്തെ അവരുടെ പയനിയർ പ്രവർത്തനവും ആദരിക്കുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# അഗ്വഞ്ചർ



അഗ്വഞ്ചർ എന്ന പേരിൽ  തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ശനിയാഴ്ച രാവിലെ ഒമ്പതര മണി മുതൽ  വൈകീട്ട് നാല് വരെ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.




# പൊതിച്ചോറ് വിതരണം

പതിനാലാം തിയ്യതി ശനിയാഴ്ച എൻ എസ് എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതിച്ചോർ വിതരണമായ സ്വാദ് നടത്തി. തേക്കിൻകാട് മൈതാനത്തും ശക്തൻ സ്റ്റാൻഡിലുമുള്ള നിർധരരായ വൃദ്ധർക്ക് പൊതിച്ചോർ വിതരണം ചെയ്തു.മൂന്നു വളന്റിയേഴ്സ് ചേർന്ന് ആകെ പത്ത് പൊതിച്ചോറാണ് വിതരണം ചെയ്തത്.





# യോഗാ ഡെമോ ക്ലാസ്

പതിനാലാം തിയ്യതി എൻ എസ് എസിന്റെ നേതൃത്വത്തിൽ വളന്റിയേഴ്സ് യോഗ ഡെമോ ക്ലാസ്സ് നടത്തി. ഗാന്ധി സമൃതിയിൽവെച്ച് യോഗയിലെ അർജ്ജുൻ ചേട്ടനും അഖില ചേച്ചിയും ചേർന്ന് ക്ലാസ്സ് നയിച്ചു. പോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ വിമല കെ. ജോണിന്റെയും  നേതൃത്വത്തിൽ ക്ലാസ്സ് നടത്തി. എൻ എസ് എസിലെ ഏട്ട് വളന്റേിയേഴ്സ്  ക്ലാസ്സിൽ പങ്കെടുത്തു. എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റ്ർ നിർമ്മിച്ചു.







# അഭയം

'അഭയം ഭവന നിർമ്മാണ പദ്ധതിയെന്ന' എൻ എസ് എസിന്റെ സ്വപ്ന പദ്ധതി,പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലേക്ക് അടുക്കുന്നു.

# ചോദ്യം ഉത്തരം

എൻ എസ് എസ് ചിഹ്നത്തിൽ ചലനത്തെ
സൂചിപ്പിക്കുന്നത് എന്ത്?

- ചക്രം

## അക്ഷരാഗ്നി

എവിൻ തോമസ്





# ചിന്താവിഷയം

നിങ്ങളുടെ പെൺമക്കളെ ബഹുമാനിക്കുക, അവർ മാന്യരാണ്.

-മലാല യൂസഫ്സായ്

@nss_stc_42_144